"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 30-04-2020

# സർക്കുലർ നം - 35

സംസ്ഥാനത്ത് കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ പൊതുഗതാഗത സംവിധാനങ്ങൾക്ക് നിയന്ത്രണമുള്ളതിനാൽ വിവിധ ജയിൽ സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ജയിൽ സ്ഥാപനങ്ങളിൽ ജോലിക്ക ഹാജരാകുവാൻ കഴിയാത്ത അവസ്ഥയുണ്ട്. എന്നാൽ ചില ജയിൽ സ്ഥാപന മേധാവികൾ ഇത്തരം ജീവനക്കാരെ എല്ലാ ദിവസവും ജോലിക്ക ഹാജരാകുവാൻ നിർബന്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന രീതിയിൽ ജയിൽ സ്ഥാപന മേധാവികൾക്ക് നിർദ്ദേശങ്ങൾ നല്കുന്നു.

1. പൊതുഗതാഗത സംവിധാനത്തെ ആശ്രയിച്ച് വരുന്ന മറ്റ് ജില്ലകളിൽ നിന്നുള്ള, ദീർഘദൂരം യാത്ര ചെയ്ത് ജോലിക്ക വരേണ്ടുന്ന മിനിസ്റ്റീരിയൽ ജീവനക്കാരെ ജോലിക്ക ഹാജരാകുവാൻ നിർബന്ധിക്കേണ്ടതില്ല.
2. ജോലിക്ക ഹാജരാകുവാൻ കഴിയാത്ത ജീവനക്കാർ വിവരം യഥാസമയം സ്ഥാപന മേധാവികളെ അറിയിക്കേണ്ടതും ജോലികൾ ഓൺലൈൻ സൌകര്യം ഉപയോഗപ്പെടുത്തി വീട്ടിലിരുന്നു നിർവ്വഹിക്കേണ്ടതുമാണ്.
3. മിനിസ്റ്റീരിയൽ ജീവനക്കാർ എല്ലാ പ്രവർത്തി ദിവസവും ഓഫീസുമായി ബന്ധപ്പെടേണ്ടതും വീട്ടിൽ ഇരുന്നു ചെയ്യുവാൻ കഴിയുന്ന ജോലികൾ പരമാവധി ചെയ്യേണ്ടതുമാണ്.
4. സ്ഥാപനങ്ങളുടെ അടുത്ത് താമസിക്കുന്നവരും സ്വന്തമായി വാഹനം ഉള്ളവരും സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ച് ഓഫീസിൽ ഹാജരാകേണ്ടതാണ്.
5. ജയിൽ സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ജയിൽ സൂപ്രണ്ടുമാർ ആസ്ഥാന കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
6. സ്ഥാപന മേധാവികൾ ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന എല്ലാ നടപടികളും സർക്കാരും ജയിൽ വകുപ്പും നൽകുന്ന ഉത്തരവുകൾക്കും നിർദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കണം.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), സിഎ ടു ഡിജിപി/ഡിഐജി (HQ), പ്രിസൺസ് ഐടി സെൽ, ഫയൽ, കരുതൽ ഫയൽ.

E6-8642/2020/PrHQ

3d3dad